# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3014 18.10.2016-ലെ മറുപടിക്ക്

## പങ്കാളിത്ത പെൻഷൻ പദ്ധതി

**ചോദ്യം** **ഉത്തരം**

ശ്രീ. എൽദോ എബ്രഹാം

ഡോ. തോമസ് ഐസക്
ബഹു. ധനകാര്യവും കയറും വകുപ്പുമന്ത്രി

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് പങ്കാളിത്ത പെൻഷൻ ഏർപ്പെടുത്തിയതുവഴി സർക്കാരിന് സാമ്പത്തിക നേട്ടം ഉണ്ടായിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എത്ര തുകയുടെ നേട്ടം ഉണ്ടായെന്നും ആയത് ഏത് തരത്തിലാണെന്നും അറിയിക്കാമോ ; | പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള ജീവനക്കാർ 60-ആം വയസ്സിൽ വിരമിക്കുന്ന സമയത്ത് മാത്രമേ അവർക്ക് നല്കേണ്ട പെൻഷൻ തുകയിൽ നിന്നും സർക്കാരിന് സാമ്പത്തിക നേട്ടം ഉണ്ടായിട്ടുണ്ടോ എന്ന് തിട്ടപ്പെടുത്താൻ സാധിക്കുകയുള്ളൂ. |
| (ബി) | നിലവിൽ പങ്കാളിത്ത പെൻഷൻ പദ്ധതി പ്രകാരം ജീവനക്കാരുടെ വിഹിതം ഏത് വിധത്തിലാണ് നിക്ഷേപിക്കുന്നതെന്നും ആയത് സർക്കാർ വിഹിതം കൂടി ചേർത്താണോ നിക്ഷേപിക്കുന്നതെന്നും അറിയിക്കാമോ; | 06.02.2014-ലെ സർക്കുലർ നം. 07/14/ധന ഖണ്ഡിക V അനുസരിച്ച് പി.എഫ്.ആർ.ഡി.എ. നിർദ്ദേശ പ്രകാരം ട്രസ്റ്റി ബാങ്കായ ആക്സിസ് ബാങ്ക് മുഖേന SBI പെൻഷൻ ഫണ്ട് പ്രൈവറ്റ് ലിമിറ്റഡ്, യു.റ്റി.ഐ. റിട്ടയർമെന്റ് സൊല്യൂഷൻസ് ലിമിറ്റഡ്, എൽ.ഐ.സി. പെൻഷൻ ഫണ്ട് ലിമിറ്റഡ് എന്നീ ഫണ്ട് മാനേജർമാർ മുഖേന ഗവൺമെന്റ് സെക്യൂരിറ്റികൾ, ടേം ഡെപ്പോസിറ്റുകൾ, റുപ്പീ ബോണ്ടുകൾ, മണി മാർക്കറ്റ് ഇൻസ്ട്രുമെന്റുകൾ, കമ്പനി ഷെയറുകൾ എന്നിവയിൽ ജീവനക്കാരുടെ വിഹിതവും സർക്കാർ വിഹിതവും കൂടി ചേർത്താണ് ഈ തുക നിക്ഷേപിച്ചു വരുന്നത്. |
| (സി) | മുൻ സർക്കാർ പ്രസ്തുത ഇനത്തിൽ സർക്കാർ വിഹിതമായി എത്ര തുക നിക്ഷേപിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | മുൻ സർക്കാർ പ്രസ്തുത ഇനത്തിൽ സർക്കാർ വിഹിതമായി 31.05.2016 വരെ 105.66 കോടി രൂപ നിക്ഷേപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ